പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1423 04.12.2014-ലെ മറുപടിക്ക്

## സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പദ്ധതി നിലവിലുണ്ടോ ;<br>(ബി). എങ്കിൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ ; | (എ) & (ബി). ഉണ്ട്. റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി). ഇതിന്റെ പ്രവർത്തനത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ എത്ര തുക നീക്കിവെച്ചിരുന്നു; ഈ തുക ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇതിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികൾ ഉണ്ട് ; | (സി). കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 140 കോടി രൂപ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി വകയിരുത്തിയിരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാകാത്തതിനാൽ ഈ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. കാസർഗോഡ് ജില്ലയിൽ വരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി). ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി). ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 140 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

അനുബന്ധം

## സംസ്ഥാന റോഡ് വികസന പദ്ധതി
## (റീഹാബിലിറ്റേഷൻ പാക്കേജ്)

| ക്രമ നമ്പർ | റോഡുകളുടെ പേര് | ജില്ല | നീളം |
|---|---|---|---|
| **Package I A** | | | |
| 1 | വിദ്യാനഗർ - മെപ്പാടി - സീതങ്കൊല്ലി റോഡ് | കാസർഗോഡ് | 9.40 |
| 2 | ഉപ്പള - കനിയാന റോഡ് | കാസർഗോഡ് | 15.60 |

## സംസ്ഥാന റോഡ് വികസന പദ്ധതി
## (അപ്ഗ്രഡേഷൻ പാക്കേജ്)

| ക്രമ നമ്പർ | റോഡുകളുടെ പേര് | ജില്ല | നീളം |
|---|---|---|---|
| **Package 1** | | | |
| 1 | ഹോസ്ദുർഗ്ഗ് - പാണത്തൂർ റോഡ് | കാസർഗോഡ് | 47.65 |
| 2 | പുതിയങ്ങാടി - ചൊവ്വ റോഡ് | കണ്ണൂർ, | 16.70 |